പതിമൂന്നാം കേരള നിയമസഭ
രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ : *687 01/11/2011 ൽ മറുപടിയ്ക്ക്

# പട്ടികവർഗ്ഗക്കാർക്ക് തിരിച്ചറിയൽ കാർഡ്

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. അൻവർ സാദത്ത്<br>ശ്രീ. ഹൈബി ഈഡൻ<br>ശ്രീ. ബെന്നി ബെഹനാൻ<br>ശ്രീ. എ.റ്റി. ജോർജ് | ശ്രീമതി. പി.കെ. ജയലക്ഷ്മി<br>(പട്ടികവർഗ്ഗ ക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പ് മന്ത്രി) |

| | | | |
|---|---|---|---|
| (എ) | പട്ടികവർഗ്ഗക്കാർക്ക് തിരിച്ചറിയൽ കാർഡ് നൽകുന്ന കാര്യം ആലോചിച്ചിട്ടുണ്ടോ; | (എ) | പട്ടികവർഗ്ഗക്കാർക്ക് ബയോമെട്രിക് തിരിച്ചറിയൽ കാർഡ് നടപ്പിൽ വരുത്തുന്ന കാര്യം ആലോചനയിലുണ്ട്. |
| (ബി) | എങ്കിൽ ഇതിനായി സ്വീകരിച്ച നടപടികൾ വ്യക്തമാക്കുമോ; | (ബി) | സംസ്ഥാനത്തെ 36 പട്ടികവർഗ്ഗ വിഭാഗങ്ങൾക്ക് അവരുടെ പേര്, വയസ്സ്, മേൽവിലാസം, ജാതി, മതം എന്നീ വിവരങ്ങൾ ഉൾക്കൊള്ളിച്ചുകൊണ്ട് 18 വയസ്സിനുമേൽ പ്രായമുള്ളവർക്ക് ബയോമെട്രിക് തിരിച്ചറിയൽ കാർഡ് നൽകുന്നകാര്യവും, കേന്ദ്ര സർക്കാർ നടപ്പിലാക്കുന്ന ആധാർ യുണീക് ഐഡന്റിഫിക്കേഷൻ കാർഡ് വിതരണവുമായി ബന്ധപ്പെട്ട സംസ്ഥാനത്തെ പട്ടികവർഗ്ഗക്കാർക്ക് അവരുടെ ഐഡന്റിറ്റി വെളിപ്പെടുത്തുന്ന ബയോമെട്രിക് തിരിച്ചറിയൽ കാർഡ് നൽകുന്ന കാര്യവും ആലോചനയിലാണ്. |

| | | | |
|---|---|---|---|
| | | | പദ്ധതി നടപ്പിലാക്കുന്നതിന് ശാസ്ത്രീയ സഹായം തേടുന്നതിന് ടെണ്ടർ വിളിക്കുകയും, തെരഞ്ഞെടുക്കപ്പെട്ട ട്രൈബൽ സെറ്റിൽമെന്റുകളിൽ നിന്നും Data ശേഖരിക്കുന്നതിന് കിലയുടെ സാങ്കേതിക സാഹയത്തിലേർപ്പെടുവാൻ തീരുമാനിക്കുകയും ചെയ്തിട്ടുണ്ട്. ഇതിന്റെ പ്രാരംഭ നടപടികൾ 8/11 മുതൽ ആരംഭിക്കുകയും, ഏതാണ്ട് ഈ സാമ്പത്തിക വർഷം അവസാനത്തോടെ നടപ്പിലാക്കുവാൻ സാധിക്കുന്നതുമാണ്. |
| (സി) | ഏതെല്ലാം ഏജൻസികളുടെ സഹായത്തോടെയാണ് ഇത് പ്രാവർത്തികമാക്കാൻ ഉദ്ദേശിക്കുന്നത്? | (സി) | DFID Agency മുഖേന IMG-യുടെ മേൽനോട്ടത്തിൽ നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്ന ഒരു പദ്ധതിയാണ് Biometric Identification System (BIST). തെരഞ്ഞെടുക്കപ്പെട്ട ട്രൈബൽ സെറ്റിൽമെന്റുകളിൽ നിന്നും Data ശേഖരിക്കുന്നതിന് കില എന്ന സ്ഥാപനത്തിന്റെ സാങ്കേതിക സഹായം തേടുവാൻ തീരുമാനിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ